ടി.കെ ഉബൈദ്

1213

സൂറ - 44

# അദ്ദുഖാൻ

**സൂക്തം 34-39**

▼

ആളുകൾ ആവശ്യപ്പെടുന്ന മുറക്ക് സംഭവിച്ചു കാണിച്ചു കൊടുക്കാനുള്ളതല്ല മരണാനന്തര ജീവിതം. മനുഷ്യവർഗം മുഴുവൻ മരിച്ചു കഴിഞ്ഞശേഷം സംഭവിക്കേണ്ട താണത്. അപ്പോൾ എല്ലാവരും ഒറ്റയടിക്ക് ഉയിർത്തെഴുന്നേൽപിക്കപ്പെടും. അതിന്റെ കാലവും സമയവും അല്ലാഹു കൃത്യമായി നിർണയിച്ചു വച്ചിരിക്കുന്നു.

إِنَّ هَٰٓؤُلَآءِ لَيَقُولُونَ ﴿٣٤﴾ إِنْ هِىَ إِلَّا مَوْتَتُنَا ٱلْأُولَىٰ وَمَا نَحْنُ بِمُنشَرِينَ ﴿٣٥﴾
فَأْتُوا۟ بِـَٔابَآئِنَآ إِن كُنتُمْ صَٰدِقِينَ ﴿٣٦﴾

*34*
*ഈ പരലോക നിഷേധികൾ ഘോഷിക്കുന്നു:*
*35*
*നമുക്ക് ആദ്യത്തെ മരണമല്ലാതൊന്നുമില്ല. അനന്തരം നാം ഉയിർത്തെഴുന്നേൽപിക്കപ്പെടാനൊന്നും പോകുന്നില്ല.*
*36*
*നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ നമ്മുടെ പിതാക്കളെയൊന്ന് എഴുന്നേൽപിച്ചു കൊണ്ടുവരിൻ.*

| | |
|---|---|
| ഇക്കൂട്ടർ (ഈ പരലോക നിഷേധികൾ) | إِنَّ هَٰؤُلَاءِ |
| തീർച്ചയായും പറയുന്നു(ഘോഷിക്കുന്നു) | لَيَقُولُونَ |
| അത് (ഒന്നും) ഇല്ല | إِنْ هِيَ |
| നമ്മുടെ (മുക്ക്) ആദ്യത്തെ മരണമല്ലാതെ | إِلَّا مَوْتَتُنَا الْأُولَىٰ |
| നാം ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവരല്ല(പ്പെടാനൊന്നും പോകുന്നില്ല) | وَمَا نَحْنُ بِمُنْشَرِينَ |
| നമ്മുടെ പിതാക്കളെ (ഒന്ന് എഴുന്നേൽപിച്ച്) കൊണ്ടുവരിൻ | فَأْتُوا بِآبَائِنَا |
| നിങ്ങൾ സത്യവാന്മാരാണെങ്കിൽ (പറയുന്നത് സത്യമാണെങ്കിൽ) | إِن كُنتُمْ صَادِقِينَ |

ഖുറൈശി മുശ്‌രിക്കുകളും ഫറവോനികളുമൊക്കെ പ്രവാചകന്മാരെ തള്ളിപ്പറയുന്നതിന്റെയും, വേദപ്രമാണങ്ങളും ധർമസൂക്തങ്ങളും നിഷേധിക്കുന്നതിന്റെയും അടിസ്ഥാന കാരണം ഓർമിപ്പിക്കുകയാണീ സൂക്തങ്ങൾ. ഖുർആൻ നേരത്തെ പല രീതിയിൽ ഓർമിപ്പിച്ചിട്ടുള്ളതു തന്നെയാണിത്. ഉദാഹരണം: وَقَالُوا أَإِذَا كُنَّا عِظَامًا وَرُفَاتًا أَإِنَّا لَمَبْعُوثُونَ خَلْقًا جَدِيدًا (അവർ ചോദിച്ചു: തങ്ങൾ കേവലം അസ്ഥികളും മണ്ണുമായി തീർന്നാൽ പിന്നെയും പുതിയൊരു സൃഷ്ടിയായി ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നോ? -17:49).

وَإِذَا تُتْلَىٰ عَلَيْهِمْ آيَاتُنَا بَيِّنَاتٍ مَّا كَانَ حُجَّتَهُمْ إِلَّا أَن قَالُوا ائْتُوا بِآبَائِنَا إِن كُنتُمْ صَادِقِينَ

(നമ്മുടെ തെളിഞ്ഞ സൂക്തങ്ങൾ അവരെ ഓതിക്കേൾപ്പിച്ചാൽ, നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ ഞങ്ങളുടെ പിതാക്കളെയൊക്കെ ഒന്നിങ്ങ് ഉയിർത്തെഴുന്നേൽപിച്ചു കാണിച്ചു തരൂ എന്നു മാത്രമായിരുന്നു അവരുടെ ന്യായം -45:25). മരണം ആദ്യത്തേതും അവസാനത്തേതുമായി ഒന്നേയുള്ളൂ. പിന്നെ പുനർജീവിതവുമില്ല, മരണവുമില്ല. ആദ്യ മരണം മാത്രമേയുള്ളൂ എന്നു പറഞ്ഞതിന്റെ താൽപര്യം അതാണ്. പിന്നെ നമ്മൾ ഉയിർത്തെഴുന്നേൽപിക്കപ്പെടാനൊന്നും പോകുന്നില്ല എന്ന വാക്യം ഈ ആശയത്തെ ഊന്നിപ്പറയുകയാണ്.

ഈ വാദത്തിന് ഖുർആൻ മറുപടി പറയാറില്ല. ഖുർആന്റെ ദൃഷ്ടിയിൽ മറുപടിയർഹിക്കാത്ത ഒരു ജൽപനം മാത്രമാണത്. കാരണം, ഉയിർത്തെഴുന്നേൽപും വിചാരണയും, അല്ലാഹുവും സ്വർഗ-നരകങ്ങളും പോലെ അതിഭൗതിക യാഥാർഥ്യങ്ങളാണ്. അവയൊന്നും ഭൗതിക മനുഷ്യന് ഗോചരമാവുകയില്ല. അല്ലാഹു ഭൗതിക മനുഷ്യനു ഗോചരനാകുന്നുവെങ്കിൽ പിന്നെ പ്രവാചകന്മാരുടെയും പ്രബോധനത്തിന്റെയുമൊന്നും ആവശ്യമില്ലല്ലോ. ലോകത്ത് ഒരു മനുഷ്യനും ദൈവനിഷേധിയാവുകയുമില്ല. ദൈവത്തിൽ വിശ്വസിക്കാൻ ദൈവത്തെ മുന്നിൽ കൊണ്ടുവന്നു കാണിച്ചു തരേണം എന്നാവശ്യപ്പെടുന്നതുപോലെയാണ്, ഉയിർത്തെഴുന്നേൽപിൽ വിശ്വസിക്കാൻ മരിച്ചവരെ ഉയിർത്തെഴുന്നേൽപിച്ചു കാണിച്ചു തരേണം എന്നാവശ്യപ്പെടുന്നതും. രണ്ടും മൂഢജൽപനങ്ങളായതിനാൽ രണ്ടിനും ഖുർആൻ മറുപടി പറയാറില്ല.

ആളുകൾ ആവശ്യപ്പെടുന്ന മുറക്ക് സംഭവിച്ചു കാണിച്ചു കൊടുക്കാനുള്ളതല്ല മരണാനന്തര ജീവിതം. മനുഷ്യവർഗം മുഴുവൻ മരിച്ചു കഴിഞ്ഞശേഷം സംഭവിക്കേണ്ടതാണത്. അപ്പോൾ എല്ലാവരും ഒറ്റയടിക്ക് ഉയിർത്തെഴുന്നേൽപിക്കപ്പെടും. അതിന്റെ കാലവും സമയവും അല്ലാഹു കൃത്യമായി നിർണയിച്ചു വച്ചിരിക്കുന്നു. നിശ്ചിത സമയത്തിന്റെ അര നിമിഷം മുമ്പോ പിമ്പോ അതു സംഭവിക്കില്ല. എന്നാണതു സംഭവിക്കുക എന്ന് അല്ലാഹു ആർക്കും വെളിപ്പെടുത്തിക്കൊടുത്തിട്ടില്ല. ആർക്കും വെളിപ്പെടുത്തിക്കൊടുക്കുകയുമില്ല. മനുഷ്യരുടെ മുന്നിൽ അതു സംഭവിക്കുന്നത് തികച്ചും ആകസ്മികമായിട്ടായിരിക്കും. ഇതെല്ലാം പ്രവാചകന്മാരും വേദങ്ങളും ആവർത്തിച്ച് പറഞ്ഞുതന്നിട്ടുള്ളതാണ്. ഇതൊക്കെയായിട്ടും ഞങ്ങളുടെ പിതാക്കളെ ഉടനെ ഉയിർത്തെഴുന്നേൽപിച്ചു കൊണ്ടുവാ എന്നു പറയുന്നവരോടെന്തു മറുപടി പറയാൻ? ●

**നിശ്ചിത സമയത്തിന്റെ അര നിമിഷം മുമ്പോ പിമ്പോ മരണാനന്തര ജീവിതം സംഭവിക്കില്ല. എന്നാണതു സംഭവിക്കുക എന്ന് അല്ലാഹു ആർക്കും വെളിപ്പെടുത്തിക്കൊടുത്തിട്ടില്ല. ആർക്കും വെളിപ്പെടുത്തിക്കൊടുക്കുകയുമില്ല. മനുഷ്യരുടെ മുന്നിൽ അതു സംഭവിക്കുന്നത് തികച്ചും ആകസ്മികമായിട്ടായിരിക്കും.**

أَهُمْ خَيْرٌ أَمْ قَوْمُ تُبَّعٍ وَالَّذِينَ مِن قَبْلِهِمْ أَهْلَكْنَاهُمْ إِنَّهُمْ كَانُوا مُجْرِمِينَ ﴿٣٧﴾

*37*

*ഇവരാണോ, അതല്ല തുബ്ബഇന്റെ ജനതയും അവർക്കു മുമ്പുണ്ടായിരുന്നവരുമാണോ കൂടുതൽ ശ്രേഷ്ഠർ? അവരെയൊക്കെയും നാം നശിപ്പിച്ചിട്ടുള്ളതാകുന്നു; പാപികളായതിനാൽ.*

| | |
|---|---|
| അവരാണോ നല്ലവർ? (കൂടുതൽ ശ്രേഷ്ഠർ?) | أَهُمْ خَيْرٌ |
| അതല്ല, തുബ്ബഇന്റെ ജനതയാണോ? | أَمْ قَوْمُ تُبَّعٍ |
| അവർക്കു മുമ്പുള്ളവരും? (ഉണ്ടായിരുന്നവരുമാണോ?) | وَالَّذِينَ مِن قَبْلِهِمْ |
| അവരെ(യൊക്കെയും) നാം നശിപ്പിച്ചിട്ടുള്ളതാകുന്നു | أَهْلَكْنَاهُمْ |
| അവർ പാപികളാ(യതിനാൽ)യിരുന്നു | إِنَّهُمْ كَانُوا مُجْرِمِينَ |

**യമനിലെ ഹിംയർ ഗോത്രത്തിൽനിന്നുള്ള രാജാക്കന്മാരുടെ സ്ഥാനപ്പേരാണ് 'തുബ്ബഅ്'. റോമൻ രാജാവിന് സീസർ എന്നും പേർഷ്യൻ രാജാവിന് ഖുസ്രു എന്നും എത്യോപ്യൻ രാജാവിന് നേഗസ് എന്നും സ്ഥാനപ്പേരുള്ളതുപോലെ.**

യമനിലെ ഹിംയർ ഗോത്രത്തിൽനിന്നുള്ള രാജാക്കന്മാരുടെ സ്ഥാനപ്പേരാണ് 'തുബ്ബഅ്'. റോമൻ രാജാവിന് സീസർ എന്നും പേർഷ്യൻ രാജാവിന് ഖുസ്രു എന്നും എത്യോപ്യൻ രാജാവിന് നേഗസ് എന്നും സ്ഥാനപ്പേരുള്ളതുപോലെ. ബി.സി 115 മുതൽ സി.ഇ 300 വരെയുള്ള കാലഘട്ടത്തിലായിരുന്നു യമനിൽ അറബി രാജാക്കന്മാരുടെ ഭരണമെന്നാണ് ചരിത്രം. ബി.സി 1000-ത്തിനു മുമ്പേ യമൻ മധ്യപൂർവ ദേശത്ത് സാംസ്കാരികമായും സാമ്പത്തികമായും ഏറെ വികസിച്ച രാജ്യമായിരുന്നു. തുബ്ബഉകളുടെ (تبابع) ഭരണകാലത്താണ് വളർച്ചയും വികാസവും ഉച്ചിയിലെത്തിയതെന്നു കരുതപ്പെടുന്നു. മഅ്രിബ്, ശേബാ, സൻആ, അദൻ (ഏഡൻ), ഹദർമൗത്ത് തുടങ്ങിയ നഗരങ്ങളെല്ലാം അക്കാലത്തെ പ്രമുഖ വ്യാപാര കേന്ദ്രങ്ങളായിരുന്നു. ഇവിടങ്ങളിൽ വെച്ചാണ് പൗരസ്ത്യ വിഭവങ്ങൾ പാശ്ചാത്യർക്ക് കൈമാറിയിരുന്നത്. യമനി വ്യാപാരികളായിരുന്നു അതിന്റെ മധ്യവർത്തികൾ. കാർഷികമായും ഏറെ വികസിച്ച നാടായിരുന്നു യമൻ. കാർഷിക വികസനത്തിനുവേണ്ടി അവർ നിർമിച്ച മഅ്രിബ് അണക്കെട്ട് (സദ്ദു മഅ്റബ്) ലോക പ്രശസ്തമാണ്. സൈനികമായും ശക്തരായിരുന്നു യമനികൾ.

കാലക്രമത്തിൽ യമനികൾ അവരുടെ ശക്തിയിലും സമ്പത്തിലും അതിരുവിട്ട് അഹങ്കരിച്ചു. അതവരെ കൊടിയ അധർമങ്ങളിലേക്കും അക്രമങ്ങളിലേക്കും നയിച്ചു. ലോകത്തിലെ ഏറ്റവും ശക്തവും സമ്പന്നവുമായ ഉഗ്രപ്രതാപികളാണ് തങ്ങൾ. എന്തും ചെയ്യാം, തങ്ങൾ ചെയ്യുന്നതാണ് ധർമം, പറയുന്നതാണ് സത്യം- ഈ അഹന്ത ആപൽക്കരമാണെന്ന് ആ സമുദായത്തിലുണ്ടായിരുന്ന സജ്ജനങ്ങൾ അവരെ ഉണർത്താൻ ശ്രമിച്ചെങ്കിലും അവർ ഉണരാൻ കൂട്ടാക്കിയില്ല. ഒടുവിൽ അവർ അക്രമത്തിന്റെയും അസത്യത്തിന്റെയും പരമകാഷ്ഠയിലെത്തിയപ്പോൾ, അവർ തന്നെ നിർമിച്ചിരുന്ന, അവരുടെ വിഭവസമൃദ്ധിക്കാധാരമായ മഅ്രിബ് അണക്കെട്ട് അല്ലാഹു തകർത്തു. തുടർന്നുണ്ടായ മഹാ ജലപ്രവാഹത്തിൽ കൃഷിയിടങ്ങളൊക്കെ നശിച്ചു. അവിടെ ഭക്ഷ്യയോഗ്യമായതൊന്നും -ഇലന്ത മരം ഒഴികെ- വളരാതായി. മഹാ ദുരിതത്തിലകപ്പെട്ട ജനങ്ങളിലേറെയും ഗത്യന്തരമില്ലാതെ അറേബ്യയുടെ വിവിധ ഭാഗങ്ങളിലേക്ക് പലായനം ചെയ്തു. തുബ്ബഅ് ജനതയുടെ നാശത്തിനു കാരണം ദൈവകോപമാണെന്ന് അറബികൾ പൊതുവിൽ കരുതിയിരുന്നു. അതിനു മുമ്പ് സുരക്ഷിതവും സുശക്തവും സുഭിക്ഷവും സർവപ്രതാപിയുമായ സമുദായത്തിന് ഉദാഹരണമായി പറയപ്പെട്ടിരുന്നവരാണ് തുബ്ബഅ് ജനത. ശക്തിയിലും സമ്പത്തിലും ഇതര സൗഭാഗ്യങ്ങളിലും തുബ്ബഉകൾക്ക് തുല്യർ അപൂർവമായിരുന്നു. ഒരു കാലത്ത് നാഗരിക ലോകത്തെ വൻശക്തിയായിരുന്ന തുബ്ബഉകളെയും അവർക്കു മുമ്പുണ്ടായിരുന്ന പല കെങ്കേമന്മാരെയും നശിപ്പിച്ച്, അല്ലാഹു യോഗ്യതകളിൽ അവരുടെ നാലയലത്തുപോലും എത്താത്ത ഇക്കൂട്ടരെ -ഖുറൈശി മുശ്രിക്കുകളെ- ശിക്ഷിക്കുകയില്ലെന്ന് കരുതുന്നത് എന്തുകൊണ്ടാണ്? അവരെക്കാളൊക്കെ യോഗ്യതയും ശ്രേഷ്ഠതയുമുള്ളവരാണ് ഇവരെന്നാണോ വിചാരം? സത്യധർമങ്ങൾ ചവിട്ടി മെതിക്കുന്ന കൊടിയ കുറ്റവാളികളായിത്തീർന്നപ്പോൾ അല്ലാഹു അവരെയെല്ലാം നശിപ്പിച്ചുകളഞ്ഞു. അവന്റെ ശിക്ഷ വന്നെത്തും മുമ്പ് ഇക്കൂട്ടർ സ്വന്തം നിലപാട് പുനരാലോചിക്കുകയും സ്വയം സംസ്കരിക്കുകയും ചെയ്തുകൊള്ളട്ടെ. ഗാഢമായ അഹങ്കാരവും ധിക്കാരവും അവർക്ക് ഒരു ഗുണവും ചെയ്യില്ല. തുബ്ബഉകളിൽ ഏറ്റവും പ്രമുഖനും പ്രശസ്തനും അസ്അദ് അബൂകരിബ് എന്ന തുബ്ബഅ് ആയിരുന്നു. ചുറ്റുമുള്ള അറേബ്യൻ രാജ്യങ്ങളെല്ലാം അദ്ദേഹം കീഴടക്കി. മക്കയിലും യസ് രിബി(മദീന)ലും ഇറാഖിലുമെല്ലാം അദ്ദേഹം പടയോ

ട്ടം നടത്തിയതായി പറയപ്പെടുന്നു. ക്രമേണ, തുബ്ബഅ് എന്നു കേൾക്കുമ്പോൾ ജനങ്ങൾ അദ്ദേഹത്തെ മാത്രം ഓർത്തു. തുബ്ബഅ് അസ്അദ് അബൂകരിബ് സത്യവിശ്വാസിയും നീതിമാനുമായ രാജാവായിരുന്നുവെന്നും, അല്ലാഹു നശിപ്പിച്ചവരുടെ കൂട്ടത്തിൽ അദ്ദേഹം ഉൾപ്പെട്ടിട്ടില്ലെന്നും ചില നിവേദനങ്ങളുണ്ട്. ഒരിക്കൽ ആഇശ(റ) പറഞ്ഞുവത്രെ: "നിങ്ങൾ കാണുന്നില്ലേ, അല്ലാഹു ആക്ഷേപിക്കുന്നത് അദ്ദേഹത്തിന്റെ സമുദായത്തെയാണ്, അദ്ദേഹത്തെയല്ല.' *മുസ്നദ് അഹ്മദും* മറ്റും നബി(സ) പ്രസ്താവിച്ചതായി ഉദ്ധരിക്കുന്നു: 'നിങ്ങൾ തുബ്ബഇനെ ശകാരിക്കരുത്. അദ്ദേഹം മുസ്ലിമായിരുന്നു.' ചില നിവേദനങ്ങളിൽ, 'അദ്ദേഹം മുഅ്മിനായിരുന്നു' എന്നാണുള്ളത്. അങ്ങനെയാണെങ്കിൽ വിശ്വാസിയായ തുബ്ബഇന്റെ കാലശേഷമായിരിക്കണം യമനികളുടെ നാശമുണ്ടായത്. ●

**പ്രപഞ്ചത്തിലെ ഏതൊരു സൃഷ്ടിയെ എടുത്തു പരിശോധിച്ചാലും അതിന്റെ ഘടനയിലും വാഴ്‌വിലും തികഞ്ഞ ആസൂത്രണവും യുക്തിയുക്തതയും ലക്ഷ്യോന്മുഖതയും, ഓരോ സൃഷ്ടിക്കും ഇതര സൃഷ്ടികളുമായുള്ള രഞ്ജിപ്പും പരസ്പരാശ്രിതത്വവും തെളിഞ്ഞു കാണാം.**

وَمَا خَلَقْنَا ٱلسَّمَٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا لَٰعِبِينَ ﴿٣٨﴾
مَا خَلَقْنَٰهُمَآ إِلَّا بِٱلْحَقِّ وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿٣٩﴾

*38*
*വാനലോകത്തെയും ഭൂലോകത്തെയും അവയ്ക്കിടയിലുള്ള ചരാചരങ്ങളെയും നാം വിനോദമായി സൃഷ്ടിച്ചിട്ടുള്ളതല്ല.*
*39*
*നാം അവയെ സൃഷ്ടിച്ചിട്ടുള്ളത് തികഞ്ഞ കാര്യഗൗരവത്തോടെ തന്നെയാകുന്നു. പക്ഷേ, അവരിലധികമാളുകളും യാഥാർഥ്യം അറിയുന്നില്ല.*

| | |
|---|---|
| വാനലോകത്തെയും ഭൂലോകത്തെയും അവയ്ക്കിടയിലുള്ളതിനെയും (ചരാചരങ്ങളെയും) നാം സൃഷ്ടിച്ചില്ല(ച്ചിട്ടുള്ളതല്ല) | وَمَا خَلَقْنَا السَّمَاوَاتِ وَالْأَرْضَ وَمَا بَيْنَهُمَا |
| വിനോദിക്കുന്നവരായിട്ട്(വിനോദമായി) | لَاعِبِينَ |
| അവ രണ്ടിനെയും നാം സൃഷ്ടിച്ചില്ല(ച്ചിട്ടുള്ളത്) | مَا خَلَقْنَاهُمَا |
| യാഥാർഥ്യത്തോടെയല്ലാതെ (തികഞ്ഞ കാര്യഗൗരവത്തോടെ തന്നെയാകുന്നു) | إِلَّا بِالْحَقِّ |
| പക്ഷേ, അവരിൽ അധികം (ആളുകളും) | وَلَٰكِنَّ أَكْثَرَهُمْ |
| (യാഥാർഥ്യം) അറിയുന്നില്ല | لَا يَعْلَمُونَ |

മനുഷ്യന് ഒരു മരണമേയുള്ളൂ. അതാണ് ആദ്യ മരണം -مَوْتَتُنَا الْأُولَىٰ. പിന്നെ പുനർജീവിതമോ പുനർ മരണമോ ഒന്നുമില്ല. അവിശ്വാസികളുടെ ഈ വാദത്തിനുള്ള ഒരു മറുപടിയാണിത്. നിങ്ങൾ വാദിക്കുന്നതുപോലെ പ്രപഞ്ചത്തിന് മൊത്തമായും അതിലെ ഓരോ ചരാചരങ്ങൾക്കും പ്രത്യേകമായും വ്യക്തമായ ജീവിത ധർമം വിധിക്കപ്പെട്ടിട്ടില്ലെങ്കിൽ, സ്വധർമം നിർവഹിച്ചുവോ, ഇല്ലേ എന്ന് പരിശോധിക്കപ്പെടുന്നില്ലെങ്കിൽ ജീവിത ധർമം നിർവഹിച്ചവർക്കും നിർവഹിക്കാത്തവർക്കും അവരർഹിക്കുന്ന കർമഫലം- രക്ഷാശിക്ഷകൾ വിധിക്കപ്പെടുന്നില്ലെങ്കിൽ അതിനർഥം അലസവും അലക്ഷ്യവുമായ കേവല വിനോദമാണ് ഈ സൃഷ്ടിപ്രപഞ്ചം എന്നാകുന്നു. പക്ഷേ, അല്ലാഹു സർവ ശക്തനും സർവ

ജ്ഞനും യുക്തിമാനും നീതിമാനുമായ അസ്തിത്വമാകുന്നു എന്നതിൽ ആർക്കും തർക്കമില്ല. അങ്ങനെയുള്ള അസ്തിത്വത്തിൽനിന്ന് യുക്തി ശൂന്യവും അലക്ഷ്യവും നിരർഥകവുമായ യാതൊന്നും ഉണ്ടാവില്ല എന്നതും നിസ്സന്ദേഹമാകുന്നു. പ്രപഞ്ചത്തിലെ ഏതൊരു സൃഷ്ടിയെ എടുത്തു പരിശോധിച്ചാലും അതിന്റെ ഘടനയിലും വാഴ്‌വിലും തികഞ്ഞ ആസൂത്രണവും യുക്തിയുക്തതയും ലക്ഷ്യോന്മുഖതയും, ഓരോ സൃഷ്ടിക്കും ഇതര സൃഷ്ടികളുമായുള്ള രഞ്ജിപ്പും പരസ്പരാശ്രിതത്വവും തെളിഞ്ഞു കാണാം. പ്രപഞ്ചവും അതിലുള്ള കോടാനുകോടി ചരാചരങ്ങളും നിരർഥകമായ വിനോദമായി സൃഷ്ടിച്ചിട്ടുള്ളതല്ല. എല്ലാം സൃഷ്ടിച്ചിട്ടുള്ളത് ഹഖ് ആയിട്ടാകുന്നു. വിപുലമായ ആശയം വഹിക്കുന്ന പദമാണ് حق. ഇവിടെ ഉദ്ദേശ്യം, കാര്യഗൗരവത്തോടെ അർഥ പൂർണമായും വ്യവസ്ഥാപിതമായും സലക്ഷ്യമായും നൈതിക ധാർമിക മൂല്യങ്ങളിലധിഷ്ഠിതമായും എന്ന ആശയമാകുന്നു. അങ്ങനെ ഉളവാക്കപ്പെട്ട സൃഷ്ടികൾ അവരുടെ ലക്ഷ്യം എത്രത്തോളം പൂർത്തീകരിച്ചുവെന്ന് പരിശോധിക്കപ്പെടുകയും, പരിശോധനയുടെ ഫലമായി അനന്തര നടപടികളുണ്ടാവുകയും അനിവാര്യമാകുന്നു. അനിവാര്യമായ ഈ നടപടികളുടെ സമയവും ലോകവുമാണ് അന്ത്യനാളിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും രക്ഷാശിക്ഷകളുടെയും പരലോകവും. പക്ഷേ, അധിക ജനവും ഈ യാഥാർഥ്യം മനസ്സിലാക്കുകയോ അതെപ്പറ്റി ചിന്തിക്കുകയോ ചെയ്യുന്നില്ല.

ഈ ആശയം നേരത്തെ പല സൂക്തങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഉദാ:

**أَفَحَسِبْتُمْ أَنَّمَا خَلَقْنَاكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لَا تُرْجَعُونَ**

"നാം നിങ്ങളെ പാഴ് വേലയായി സൃഷ്ടിച്ചതാണെന്നും നിങ്ങൾ നമ്മിലേക്ക് തിരിച്ചയക്കപ്പെടുകയില്ലെന്നും കരുതുന്നുവോ?" (23:115).

**وَمَا خَلَقْنَا السَّمَاءَ وَالْأَرْضَ وَمَا بَيْنَهُمَا بَاطِلًا ۚ ذَٰلِكَ ظَنُّ الَّذِينَ كَفَرُوا ۚ**

"ആകാശ ഭൂമികളെ നാം മിഥ്യയായി സൃഷ്ടിച്ചിട്ടുള്ളതല്ല. അഭൗതിക യാഥാർഥ്യം നിഷേധിക്കുന്നവരുടെ ഭാവന മാത്രമാണത്" (38:27). ●


